# കൈത്താക്കാലം

## വചന വിചിന്തനം

### മൂന്നാം ഞായർ

### യോഹ 9,1-12

**"കുറവുള്ളവർക്ക് അവൻ കൃപയുടെ നിറവ് നൽകി; എല്ലാം തികഞ്ഞവർക്ക് ഒന്നും ലഭിച്ചതുമില്ല!"**

അന്ധത എന്നു പറയുന്നത് ശരീരത്തിന്റെ മാത്രം പ്രശ്നമല്ല. മറിച്ച്, അത് മനസിന്റെയും പ്രശ്നമാണ്. അതുകൊണ്ട് ക്രിസ്തുമൊഴികൾ ഓർമ്മപ്പെടുത്തുന്നുണ്ട്, "കണ്ണുള്ളവർ കാണാതെയും കാതുള്ളവർ കേൾക്കാതെയും ഇരിക്കുന്നത് നിങ്ങൾ കാണുമെന്ന്." ഫലം കൊയ്യുന്ന കൈത്താക്കാലത്തിലെ മൂന്നാമത്തെ ഞായറാഴ്ച്ച ക്രിസ്തു അസനിഗ്ദ്ദമായി മായി ഒരു പ്രഖ്യാപനം നടത്തുകയാണ്, "ഞാനാണ് ലോകത്തിന്റെ പ്രാകശമെന്ന്." ചുരുക്കത്തിൽ, ക്രിസ്തുവിനെ അനുഗമിക്കുന്നവർ ഫലം കൊയ്യുന്ന കൈത്താക്കാലത്തിൽ ചിന്തിക്കേണ്ടത്, 'എങ്ങനെ എന്റെ ജീവിതത്തെ പ്രകാശപൂർണമാക്കാം' എന്നാണ്.

ഏഴു വയസുക്കാരിയെക്കുറിച്ച് ഒരു കഥ കേട്ടിട്ടുണ്ട്.

വീട്ടിൽ തകൃതിയായ് വിവാഹാഘോഷം നടക്കുകയാണ്. പെട്ടന്നാണ് നിനച്ചിരിക്കാതെ കരണ്ട് പോകുന്നത്. അന്ധകാരം നിറഞ്ഞ ആ രാത്രിയിൽ ഗൃഹനാഥൻ തന്റെ ഏഴു വയസുക്കാരിയായ ഇളയ മകളെ വിളിച്ച് ഒരു റാന്തൽ വിളക്ക് നൽകിയിട്ട് പറഞ്ഞു, "ഇത് എല്ലാവരും കയറി വരുന്ന പടിക്കൽ കൊണ്ട് പോയി വയ്ക്ക്."

കുഞ്ഞ് റാന്തൽ വിളക്കുമായി പടിക്കലേയ്ക്ക് യാത്രയായ്. അവിടെ ചെന്ന് കുറച്ച് സമയം നിന്നിട്ട് തിരിച്ച് ഉമറത്തേയ്ക്ക് വന്നു. അവിടെയും കുറച്ച് സമയം നിന്നിട്ട് ഓരോ മുറികളിലേയ്ക്കും പോയി ഇപ്രകാരം തന്നെ ചെയ്തു.

ഇതെല്ലാം കണ്ട് നിന്ന് പിതാവ്, അവളെ വിളിച്ച്, അനുസരണകേടിന് ചീത്ത പറയാനായിട്ട് ചോദിച്ചു, "നിന്നോട് ഞാൻ പറഞ്ഞത് റാന്തൽ വിളക്ക് പടിക്കൽ കൊണ്ട് പോയി വയ്ക്കാനല്ലേ? നീ റാന്തൽ വിളക്ക് പടിക്കൽ വയ്ച്ചില്ല എന്നതുമാത്രമല്ല, എവിടെയും വയ്ക്കാതെ എല്ലാ മുറികളിലേയ്ക്കു മാറിമാറി കൊണ്ട് പോയ് നടക്കുന്നതെന്തിനാണ്? കുട്ടികളായൽ അൽപ്പം അനുസരണം ഒക്കെ വേണം, കേട്ടോ?"

ഇതു കേട്ട ഏഴാം ക്ലാസുക്കാരിയായ മിടുക്കി പറഞ്ഞ മറുപടി ഇങ്ങനെയാണ്,

"വെളിച്ചം ഇല്ലാതത് കൊണ്ടാണല്ലോ എന്റെ കൈയിൽ റാന്തൽ വിളക്ക് തന്ന് പടിക്കൽ കൊണ്ട് ചെന്ന് വയ്ക്കാൻ പറഞ്ഞത്. ഞാൻ അവിടെ ചെന്നപ്പോൾ അവിടെ നല്ല പ്രകാശം ഉണ്ടായിരുന്നു. അപ്പോൾ, ഞാൻ കരുതി ഉമറത്ത് കൊണ്ട് ചെന്ന് റാന്തൽ വിളക്ക് വയ്ക്കാമെന്ന്. അവിടെ ചെന്നപ്പോൾ, അവിടെയും നല്ല പ്രകാശം. പിന്നെ, ഞാൻ അന്ധകാരം നിറഞ്ഞ മുറി അന്വേഷിച്ച് പോയതാ. പക്ഷെ, ഞാൻ ചെന്നിടത്തെല്ലാം നല്ല പ്രകാശമുണ്ടായിരുന്നു."

നിഷ്കളങ്കമായ അവളുടെ മറുപടി കേട്ട പിതാവ് അവളെ സ്നേഹപൂർവ്വം തലോടിയിട്ട് പറഞ്ഞു,

"മോളെ, പ്രകാശം നിന്റെ കൈകളിലല്ലേ! പിന്നെ എങ്ങനെയാ നീ ചെല്ലുന്ന ഇടങ്ങളിൽ അന്ധകാരം ഉണ്ടായിരിക്കാ? ഈ പ്രകാശത്തെ നീയൊരിക്കലും അണക്കരുതേ!"

ഞാനാണ് ലോകത്തിന്റെ പ്രകാശമെന്ന് ക്രിസ്തു അസനിഗ്ധമായി പ്രഖ്യാപിക്കുമ്പോൾ, ക്രിസ്തുശിഷ്യരിൽ നിന്ന് ക്രിസ്തു പ്രതീക്ഷിക്കുന്നതും ഇത് തന്നെയാണ്, "ലോകത്തിന്റെ പ്രകാശമായി വ്യപരിക്കുക."

*ഈശോയുടെ വചനം കേട്ട് പ്രവർത്തിച്ച അവൻ കാഴ്ച്ചയുള്ളവനായ് തിരിച്ചുവന്നു! ഈശോയുടെ വചനം കാഴ്ച്ച നൽകുന്നതാണ്....*

'സീലോഹ' എന്ന കുളത്തിൽ പോയി കഴുകാനാണ് ക്രിസ്തു പിറവി കുരുടനോട് ആവശ്യപ്പെടുന്നത്. 'സീലോഹ' എന്ന ഹീബ്രു പദത്തിന്റെ അർത്ഥം 'അയക്കപ്പെട്ടവൻ' എന്നാണ്. ക്രിസ്തുവിൽ നിന്ന് അർഹതയില്ലാത്ത അനുഗ്രഹം സ്വന്തമാക്കുന്ന പിറവികുരുടന്റെ ദൗത്യം ക്രിസ്തു വ്യക്തമാക്കുകയാണ്. 'ദേ, ഞാനും നിന്നെ അയക്കുന്നു. നീ പോയി ലോകത്തിന്റെ പ്രകാശമാകണം.'

പിറവി കുരുടനെ സുഖപ്പെടുത്തുമ്പോൾ, ഇതിനു രണ്ട് ഭാഗങ്ങളുണ്ട്. ഒന്നാമതായി ക്രിസ്തു പറയുന്നു, നിനക്ക് വേണ്ടി അദ്ധ്വാനിക്കാൻ ഞാൻ തയ്യാറാണ്. രണ്ടാമതായി ക്രിസ്തു പറയുന്നു, ഞാൻ നിനക്കുവേണ്ടി അദ്ധ്വാനിക്കുന്നതുപോലെ നിന്റെ ജീവിതത്തിൽ മാറ്റങ്ങൾ ഉണ്ടാകാൻ നീയും അദ്ധ്വാനിക്കണം. ലോകത്തിന്റെ പ്രകാശമാകാൻ ആഗ്രഹിക്കുന്നുവെങ്കിൽ ക്രിസ്തു ഓർമ്മപ്പെടുത്തുന്നതും ഇത് തന്നെയാണ്, നിനക്ക് പടർന്ന് പന്തലിക്കാനുള്ള വളക്കൂറുള്ള മണ്ണ് തന്നെയാണ് ഞാൻ സമ്മാനിച്ചിരുക്കുന്നത്. പക്ഷെ, ഇനിയുള്ള അദ്ധ്വാനം നിന്റെയാണ്.

"ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവത്തിന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം അവിടുന്ന് നൻമയ്ക്കായ് പരിണമിപ്പിക്കുന്നു" (റോമ 8,28) എന്നതിനുള്ള ഏറ്റവും നല്ല ഉദാഹരണം കൂടിയാണ് അന്ധനെ സുഖപ്പെടുന്നുന്ന വചനഭാഗം. ഇവൻ ജന്മനാ അന്ധനായ് ജനിച്ചത് ഏത് കാരണം കൊണ്ടാണെന്ന് ശിഷ്യർ ചോദിക്കുമ്പോൾ കർത്താവ് പറയുന്ന മറുപടി, "ദൈവത്തിന്റെ പ്രവർത്തികൾ ഇവനിൽ പ്രകടമാകേണ്ടതിനാണ്" (യോഹ 9,3) എന്നതാണ്. ദൈവത്തിന്റെ പദ്ധതികളാണ് മനുജനിൽ പൂർത്തിയാക്കപ്പെടേണ്ടത്. അവന്റെ ഹിതമാണ് സ്വർഗ്ഗത്തിലേപ്പോലെ ഭൂമിയിലും സംഭവിക്കേണ്ടത്.

വൈകല്ല്യങ്ങളും സഹനങ്ങളും ദൈവശാപത്തിന്റെ ഫലമാണെന്ന് ധാരണ ക്രിസ്തു തിരുത്തുന്നു. ദൈവം മനുഷ്യന്റെ ജീവിതത്തിൽ ഇടപെടാനുള്ള മാധ്യമങ്ങൾ മാത്രമാണ് സഹനങ്ങൾ!

ഗുരുവിന്റെ സമ്പാദ്യമെന്ന് പറയുന്നത് യാത്ര ചെയ്യാൻ ഒരു കഴുതയും, ദൈവഹിതമറിയാൻ ദൈവവചനവും, ദൈവവചനം വായിക്കാൻ ഒരു റാന്തൽ വിളക്കും, ഉണർത്തുപാട്ടു പാടൻ ഒരു പുവൻകോഴിയുമാണ്. ഗുരു യാത്ര ചെയ്ത് ഒരു ഗ്രാമത്തിലെത്തി. അവിടെയുള്ള ഓരോ വീടും കയറിയിറങ്ങി ഒരു ദിവസം അന്തിയുറങ്ങാൻ ഇടം യാജിച്ചു. എങ്കിലും, ആരും ഇടം സമ്മാനിച്ചില്ല. അവസാനം, ഗുരു അഭയം കണ്ടെത്തിയത് ഒരു കൊടുങ്കാടിന്റെ അരികെയാണ്. രാത്രിയിൽ വിശുദ്ധ ഗ്രന്ഥം വായിക്കാൻ ഗുരവ പുസ്തകമെടുത്തപ്പോൾ വലിയ ഒരു കാറ്റ് വന്ന് ദീപം അണയിച്ച് കളഞ്ഞു. വചനം വായിക്കാൻ സാധിച്ചില്ലല്ലോ എന്നുള്ള വലിയ വേദനയോട് കൂടി കിടന്ന ഗുരു ഏറെ വൈകിയാണ് ഉറക്കത്തിലേയ്ക്ക് വീണത്. പകലേറെ എത്തിയിട്ടും എന്തേ കോഴി കൂവാത്തെ എന്ന് പറഞ്ഞ് എഴുന്നേറ്റ് നോക്കുമ്പോൾ ഗുരു കാണുന്ന കാഴ്ച്ച കോഴിയെ ഏതോ ചെന്നായ പിടിച്ചു കൊണ്ട് പോയി അവശേഷിക്കുന്ന പപ്പും തൂവലും മാത്രമാണ്. തുടർന്ന്, അടുത്ത ഗ്രാമത്തിലേയ്ക്ക് യാത്ര ചെയ്യുമ്പോൾ കൊടുംകാട്ടിൽ നിന്ന് ഒരു സിംഹം വന്ന് സ്വന്തമായുണ്ടായിരുന്ന കഴുതയെയും കൊന്നു തിന്നു. ഇനിയെന്ത് എന്ന് ചിന്തിച്ച് ഗ്രാമത്തിലേയ്ക്ക് പ്രവേശിച്ചപ്പോൾ ഗുരു കണ്ട കാഴ്ച്ചയോ, ഇന്നലെ തനിക്ക് അന്തിയുറങ്ങാൻ അഭയം തരാത്ത ഗ്രാമത്തെ കൊള്ള സംഘം രാത്രി ആക്രമിക്കുകയും ഗ്രാമം കൊള്ളയടിക്കുകയും അവിടെയുണ്ടായിരുന്ന മുഴുവൻ പേരെയും അഗ്നിക്കിരയാക്കുകയും ചെയ്തിരിക്കുന്നു.

ഗുരു ആത്മഗതം ചെയ്യുകയാണ്, "രാത്രി കൊടുംകാറ്റ് വന്ന് വിളക്ക് അണഞ്ഞില്ലായിരുന്നെങ്കിൽ കൊള്ളക്കാർ വന്ന തന്നെയും കൊള്ളയടിച്ച് അഗ്നിക്കിരയാക്കുമായിരുന്നു. കഴുതയില്ലായിരുന്നെങ്കിൽ സിഹം കഴുതയ്ക്ക് പകരം തന്നെ അഗ്നിക്കിരയാക്കുമായിരുന്നു. തലേന്ന് തനിക്ക് ആരെങ്കിലും ഗ്രാമത്തിൽ അഭയം തന്നിരുന്നെങ്കിൽ അവരോടൊപ്പം താനും മരണത്തിന് വിധേയമാകേണ്ടി വരുമായിരുന്നു!" ഗുരുവിന്റെ മനസ്സിൽ ഒറ്റ ചിന്തമാത്രം, "ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവത്തിന്റെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് എല്ലാം അവിടുന്ന് നൻമയ്ക്കായ് പരിണമിപ്പിക്കുന്നു" (റോമ 8,28).

ശിക്ഷിക്കുന്ന ദൈവമല്ല, മറിച്ച്, രക്ഷിക്കുന്ന ദൈവമാണ് നമുക്കുള്ളത്. മാതാ

പിതാക്കളുടെ പാപങ്ങൾക്ക് മക്കളോട് പ്രതികാരം ചെയ്യുന്ന ദൈവമല്ല നമ്മുടെ ദൈവം. എത്ര വലിയ പാപിയാണെങ്കിലും മരിച്ച് കർത്താവിന്റെ സന്നിധിയിൽ ചെന്നു നിൽക്കുമ്പോൾ ഒരുപക്ഷെ കേൾക്കുക കർത്താവിന്റെ ഈ വചനങ്ങളായിരിക്കും, "നിന്റെ പാപങ്ങൾക്ക് വേണ്ടി ഞാൻ ജനിച്ചു, ജീവിച്ചു, സഹിച്ചു, മരിച്ചു, ഉത്ഥാനം ചെയ്തു. നിനക്കുള്ള രക്ഷ എന്റെ ദാനമാണ്. ഇനി തെറ്റുകൾ ആവർത്തികരുത്. സ്വർഗ്ഗം നിനക്ക് സ്വന്തമാക്കാം."

ക്രിസ്തുവിന്റെ ശിഷ്യർ ക്രിസ്തുവിന്റെ അടുത്ത് അന്ധതയ്ക്കുള്ള കാരണം തേടുകയാണ്. വ്യക്തിപരമായം തിന്മകളും മാതാപിതാക്കളുടെ തിന്മകളുമൊക്കെ ഇതിനുള്ള കാരണമായി അവർ കണ്ടെത്തുന്നുമുണ്ട്. ഇത് മാനുഷീക പ്രവണതയാണ്, സഹനത്തിന്റെ കാരണം കണ്ടെത്തുക എന്നത്. കാരണം കണ്ടെത്താനും കാരണക്കാരായവരെ നിഷ്ഠൂരം വിധിക്കാനും വധിക്കാനും എളുപ്പമാണ്. ചുരുക്കത്തിൽ, നമ്മളുടെ നാട്ടിലെ വിപ്ലവപാർട്ടിക്കാരെ പോലെ. പക്ഷെ, ക്ലേശകരമെന്നത് പരിഹാരമാർഗ്ഗത്തിനായ് കഷ്ടപ്പെടുക എന്നതാണ്. ഇവിടെയാണ് ക്രിസ്തു മാർഗ്ഗത്തിന്റെ വൈരുദ്ധ്യാത്മകത. ക്രിസ്തു കാരണം കണ്ടെത്തുകയല്ല. മറിച്ച്, കാരണത്തെ അതിജീവിക്കാൻ നമ്മുക്ക് എന്ത് ചെയ്യാം എന്ന് കാണിച്ച് തരുകയാണ്. ഇന്ന് സമൂഹത്തിന് കൈമോശം വന്നുപോകുന്നതും ഇത്തരം വിശുദ്ധിയാണ്. "കാരണം കണ്ടെത്തുകയല്ല; മറിച്ച്, കണ്ടെത്തിയ കാരണങ്ങളെ അതിജീവിക്കാനുള്ള മാർഗ്ഗങ്ങളാണ് സമൂഹത്തിനാവശ്യം!"

ഈ അൽഭുത വിവരണത്തിൽ നാലു തരത്തിലുള്ള വ്യക്തികളെ കണ്ട്മുട്ടുവാൻ സാധിക്കും.

ഒന്ന്, ശിഷ്യൻമാർ. അറിവില്ലാത്തവർ ആണെങ്കിലും അറിവ് ലഭിക്കണമെന്ന ആഗ്രഹത്തോടുകൂടി ഗുരുവിനെ അനുഗമിക്കുന്നവർ. സാവകാശം അവരുടെ അബദ്ധധാരണകൾ മാറ്റി യഥാർത്ഥ ശിഷ്യരാകാൻ അവർക്ക് കഴിഞ്ഞു. അവർ യഥാർത്ഥ ശിഷ്യരാകാനുള്ള കാരണം, "തങ്ങളുടെ നിലപാടുകളല്ല, ഗുരുവിന്റെ വെളിപാടുകളാണ് ശരിയെന്ന് സമ്മതിക്കാൻ അവർ തയ്യാറായി." യഥാർത്ഥ ക്രിസ്തു ശിഷ്യനാകാൻ ചെയ്യേണ്ടതും ഇതു തന്നെയാണ്!

രണ്ട്, പിറവി കുരുടന്റെ മാതാപിതാക്കൾ. ഭീരുക്കൾ... സത്യത്തെ വിളിച്ച് പറയാൻ മടിക്കുന്നവർ... അധികാരികളെ ഭയക്കുന്നവർ... രാഷ്ട്രിയ നേട്ടത്തിനും സാമ്പത്തിക ലാഭത്തിനും വേണ്ടി ക്രിസ്തുവിലുള്ള വിശ്വാസം ഞായറാഴ്ച്ച കുർബ്ബാനയിൽ ഒതുക്കുന്നവനാണോ ഞാൻ? ആണ് എങ്കിൽ ഞാനും പിറവി കുരുടന്റെ മാതാപിതാക്കളും തമ്മിൽ വലിയ അന്തരമില്ല!!!

മൂന്ന്, ഫരിസേയർ. സ്വന്തം പിടിവാശികളുടെയും സ്വാർത്ഥമോഹങ്ങളുടെയും ലോകത്ത് കഴിയുന്നവരാണ് ഇവർ. സകല അറിവും തങ്ങൾക്ക് ഉണ്ട് എന്ന് അവകാശപ്പെടുന്നവർ... തങ്ങൾ രക്ഷയുടെ പാതയിലാണെന്ന് സ്വയം പ്രഖ്യാപിക്കുന്നവർ... സ്വന്തം ഹിതങ്ങളെ ദൈവഹിതമായി പഠിപ്പിക്കുന്നവർ... ഓർക്കുക, ക്രിസ്തു ഇവരെ വിളിക്കുന്നത് "അന്ധരായ മാർഗ്ഗദർശ്ശികളെ....."

നാല്, അന്ധൻ. അയക്കപ്പെട്ടവനിൽ (ക്രിസ്തു) നിന്ന് അർഹതയില്ലാത്ത അനുഗ്രഹം സ്വന്തമാക്കിയവൻ അവനെ പ്രഘോഷിക്കുന്നു. വിശ്വാസത്തിനു ധീരതയോടെ സാക്ഷ്യമേകുന്നു... ഭീഷിണികളോ, പ്രലോഭനങ്ങളോ അവനെ വഴിതെറ്റിക്കുന്നില്ല... ഇവനാണ് സത്യവിശ്വാസി.... ഈ പിറവി കുരുടനും ഞാനും തമ്മിലുള്ള അന്തരം കുറയണം... എങ്കിൽ മാത്രമെ, ലോകത്തിന്റെ പ്രകാശമാകാൻ സാധിക്കു!!!

**"കർത്താവിന്റെ കണ്ണുകൾ മനുഷ്യമക്കളെ കാണുന്നു.**
**അവിടുന്ന് അവരെ സുരക്ഷിതമായി നിരീക്ഷിക്കുന്നു.**

**സങ്കീ 11,4**

.....................................................................................................................

ഫാ. ജോബി മെനോത്ത് : +91 944 7777 931

എന്നെ അയച്ചവന്റെ
പ്രവർത്തികൾ ചെയ്യാൻ
ഞാൻ കടപ്പെട്ടവനാണ്...
ഇതു ക്രിസ്തുവിന്റെ
ബോദ്ധ്യമാണ്.
ഓരോ വിശ്വാസിയുടെയും
ബോദ്ധ്യമാക്കി മാറ്റപ്പെ
ടുത്തേണ്ട ബോദ്ധ്യം!